(ഇ) പ്രശാന്ത് നഗറിൽ അനുവദിക്കപ്പെട്ട ഫ്ളാറ്റുകളിലെ താമസക്കാർക്ക് ശുദ്ധജലം ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(എഫ്) ഇതു സംബന്ധിച്ച് 1979 സെപ്തംബർ 21-ാം തീയതിയിലെ മലയാള മനോരമ റിപ്പോർട്ട് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ജി) നിർമ്മാണത്തിലിരിക്കുന്ന ഫ്ളാറ്റുകളിൽ ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരു കോളനിയിൽ—വൃന്ദാവനം.

(സി) ഉണ്ട്.

1. ടാഗോർ ഗാർഡൻസ് (മെഡിക്കൽ കോളേജ് സ്കൂളിനു സമീപം)
2. പ്രശാന്ത് നഗർ
3. വൃന്ദാവനം

(ഡി) നിർമ്മാണത്തിലിരിക്കുന്ന എല്ലാ ഫ്ളാറ്റുകളും അലോട്ട് ചെയ്തുകഴിഞ്ഞു.

(ഇ) ഉണ്ട്.

(എഫ്) ഉണ്ട്.

(ജി) സ്വീകരിക്കുന്നതാണ്.

തൊഴിലുടമകളെ പ്രോസിക്യൂട്ട് ചെയ്യുന്നതിനുള്ള നടപടി

185 [285] ശ്രീ. എ. വി. താമരാക്ഷൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ:

(എ) തൊഴിലുടമകളും തൊഴിലാളി യൂണിയനുകളും തമ്മിൽ ഉണ്ടാക്കിയ കരാർ നടപ്പിലാക്കാത്തതിന്റെ പേരിൽ എന്തെങ്കിലും തൊഴിലുടമകളെ പ്രോസിക്യൂട്ടു ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) തൊഴിൽ വകുപ്പ് മന്ത്രിയുടേയും ലേബർ കമ്മീഷണറുടേയും സാന്നിദ്ധ്യത്തിൽ ഉണ്ടാക്കിയ കരാർ നടപ്പിലാക്കാതിരിക്കുന്ന ആലപ്പുഴ സൗത്ത് ഇൻഡ്യാ റബ്ബർ ഫാക്ടറി മാനേജുമെൻറിനെ പ്രോസിക്യൂഷനു വിധേയമാക്കണമെന്നു കാണിച്ച് എന്തെങ്കിലും പരാതി ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത പരാതിയിൻമേൽ ഗവൺമെൻറ് എന്തു നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ആലപ്പുഴ സൗത്ത് ഇൻഡ്യാ റബ്ബർ വർക്കേഴ്സിന്റെ മാനേജുമെന്റും തൊഴിലാളി യൂണിയനുകളും തമ്മിൽ 27-2-1979-ൽ ലേബർ കമ്മീഷണറുടെ സാന്നിദ്ധ്യത്തിൽ ഒപ്പുവെച്ച കരാറിന്റെ വ്യവസ്ഥകളും ടി മാനേജുമെന്റ് നടപ്പിലാക്കിയിട്ടില്ലെന്നു കാണിച്ച് സൗത്ത് ഇൻഡ്യാ റബ്ബർ ഫാക്ടറി വർക്കേഴ്സ് യൂണിയന്റെ ഒരു പരാതി ലഭിച്ചിട്ടുണ്ട്.

(സി) ഇതിൽ പ്രോസിക്യൂഷൻ നടപടികളും സ്വീകരിക്കുന്നതിന്റെ മുന്നോടിയായി അയച്ച ഷോക്കോസ് നോട്ടീസിന്റെ മറുപടി ലഭിച്ചിട്ടുണ്ട്. മേൽനടപടികൾക്കായി മറുപടി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

പ്രൈവറ്റ് ഐ. ടി. ഐ. കളിലെ അദ്ധ്യാപകർ

186 [287] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റെല്ലാ വിഭാഗം അദ്ധ്യാപകർക്കും നൽകുന്നതുപോലെ പ്രൈവറ്റ് ഐ. ടി. ഐ. അദ്ധ്യാപകർക്കും ഗവൺമെന്റ് നേരിട്ട് ശമ്പളം നൽകുന്ന കാര്യം പരിഗണിക്കുമോ;

(ബി) മാനേജുമെന്റുകളുടെ ഇഷ്ടമനുസരിച്ച് പിരിച്ചുവിടുന്ന ഇവർക്ക് ജോലിസ്ഥിരത ലഭിക്കുന്നതിനു തക്ക ഉത്തരവു പുറപ്പെടുവിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഗവൺമെന്റ് ഐ. ടി. ഐ. കളിലെ അദ്ധ്യാപകർക്കു നൽകുന്ന ശമ്പള സ്കെയിൽ അനുസരിച്ച് ഇവർക്കും ശമ്പളം നൽകാൻ ഗവൺമെന്റ് നിർദ്ദേശം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്?

ഉത്തരം

(എ) പ്രൈവറ്റ് ഐ. ടി. ഐ. കളിലെ അദ്ധ്യാപകർക്ക് ഗവൺമെന്റ് നേരിട്ട് ശമ്പളം നൽകുന്ന കാര്യം പരിഗണിക്കുവാൻ നിർവാഹമില്ല.

(ബി) ഉദ്ദേശിക്കുന്നില്ല.

(സി) നിർദ്ദേശം നൽകുവാൻ ഉദ്ദേശിക്കുന്നില്ല. ഇക്കാര്യത്തിൽ ഗവൺമെന്റിനു നിയന്ത്രണം ഇല്ലാത്തതുകൊണ്ട്.

എറണാകുളം ജില്ലയിലെ "തോട്ടറ പുഞ്ച സ്കീം"

187 [288] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ മുളന്തുരുത്തി വികസന ബ്ലോക്കിൽപെട്ട "തോട്ടറ പുഞ്ച സ്കീം" നിർമ്മാണം തുടങ്ങുവാനുള്ള കാലതാമസത്തിന് കാരണം എന്താണ്;

(ബി) ആയിരക്കണക്കിന് കൃഷിക്കാർക്ക് പ്രയോജനം ലഭിക്കുന്ന ഈ പദ്ധതിയുടെ നിർമ്മാണം ഉടനെതന്നെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly